# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **5844** 09/07/2012-ൽ മറുപടിയ്ക്ക്

## ഉള്ള്യേരി മുതൽ കുറ്റ്യാടിവരെയുള്ള റോഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്കിലെ ഉള്ള്യേരി മുതൽ കുറ്റ്യാടിവരെയുള്ള റോഡ് നിർമ്മിച്ചത് ഏപ്പോഴാണെന്ന് വ്യക്തമാക്കുമോ ; | (എ) | റോഡ് നിർമ്മിച്ചത് ഏപ്പോഴാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല. |
| (ബി) | പ്രസ്തുത റോഡിനായി ഭൂമി ഏറ്റെടുത്തത് ഏത് വർഷമാണെന്നും റോഡിന് എത്ര മീറ്റർ വീതിയിലാണ് ഭൂമി അക്വയർ ചെയ്തതെന്നും വെളിപ്പെടുത്തുമോ ; | (ബി) | വിവരങ്ങൾ ലഭ്യമല്ല. 1934-ലാണ് അവസാനമായി സർവ്വെ നടന്നത്. അതിനുശേഷം റീസർവ്വെയും ഭൂമി ഏറ്റെടുക്കലും നടത്തിയിട്ടില്ല. |
| (സി) | ഉള്ള്യേരി മുതൽ കുറ്റ്യാടിവരെയുള്ള റോഡിന് സ്ഥലം ഏറ്റെടുത്തതായുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (സി) | ലഭ്യമല്ല. |
| (ഡി) | പ്രസ്തുത റോഡിൽ അനധികൃത കയ്യേറ്റം ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ഡി) & (ഇ) | ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധന നടത്തി അതിർത്തി പുനർനിർണ്ണയം നടത്തുവാൻ താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.